ഉത്തരം

(എ) എം.എൽ.എ.-മാർക്ക് കുറഞ്ഞ പലിശനിരക്കിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് വായ്പ അനുവദിക്കുന്ന പദ്ധതി ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) നിലവിൽ പരിഗണനയിൽ ഇല്ല.

(സി) ബാധകമല്ല.

(ഡി) ഇതിൽ നയപരമായ തീരുമാനമൊന്നും ഗവൺമെന്റ് എടുത്തിട്ടില്ല.

എംപ്ലോയ്മെന്റ് ജനറേഷൻ പദ്ധതിയ്ക്ക് വിനിയോഗിച്ച തുക

17 [1149] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൊഴിലവസരങ്ങൾ ത്വരിതപ്പെടുത്തുവാൻ വേണ്ടി രൂപം നൽകിയ എംപ്ലോയ്മെന്റ് ജനറേഷൻ പദ്ധതിയ്ക്ക് വേണ്ടി എന്ത് തുക വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിപ്രകാരം എത്ര പേർക്ക് തൊഴിൽ നൽകി എന്നു ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) എംപ്ലോയ്മെന്റ് ജനറേഷൻ പദ്ധതി എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകിയുരുന്നുവെങ്കിലും ടി പദ്ധതി ഇതുവരെയും നിലവിൽ വന്നിട്ടില്ല. പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള തുക

18 [1150] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് കരാറുകാർക്ക് കേരള സർക്കാർ 2003-2004 സാമ്പത്തിക വർഷം എത്ര തുക കൊടുത്തുതീർക്കാനുണ്ട്;

(ബി) ബിൽ തുക ലഭിക്കാതിരിക്കുന്നതിനാൽ കരാറുകാർ മരാമത്തു പണികൾ ഏറ്റെടുക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കരാറുകാർക്കുള്ള കുടിശ്ശിക:

1.	റോഡുകളും പാലങ്ങളും	. .	524.00	കോടി രൂപ
2.	കെട്ടിടവിഭാഗം	. .	95.00	,,
3.	നാഷണൽ ഹൈവേ	. .	17.00	,,
4.	ജലസേചനവും ഭരണവും	. .	35.00	,,
5.	ജലസേചനം—പ്രോജക്ട് I	. .	22.67	,,
6.	ജലസേചനം—പ്രോജക്ട് II and III	. .	76.13	,,
7.	ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈൻ	. .	4.35	,,
	ആകെ	. .	774.15	,,

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കുടിശ്ശിക തുക ഘട്ടംഘട്ടമായി കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വാട്ടർ അതോറിറ്റിയുടെ കരാർ ജോലികൾ നികുതി വിമുക്തമാക്കാൻ നടപടി

19 [1151] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിട്ടിയിലെ കരാർ ജോലികൾക്ക് വിവിധ ഇനങ്ങളിൽ 11.2 ശതമാനം നികുതി ഈടാക്കുന്നത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നികുതിഭാരംമൂലം കുടിവെള്ള ചാർജ്ജ് വർദ്ധിക്കുന്നുണ്ടോ; എങ്കിൽ എത്രമാത്രം എന്ന് വ്യക്തമാക്കുമോ;

(സി) കരാർ ജോലികളുടെ അടങ്കൽ തുക വർദ്ധിക്കുകയും വാട്ടർ ചാർജ്ജ് വർദ്ധിക്കുകയും ചെയ്യുന്നതു പരിഗണിച്ച് വാട്ടർ അതോറിറ്റിയുടെ കരാർ ജോലികൾ നികുതി വിമുക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് കരാറുകാരുടെ വിവിധ സംഘടനകളിൽ നിന്ന് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലുള്ള നിയമം അനുസരിച്ച് വാട്ടർ അതോറിറ്റിയുടെ കരാർ ജോലികൾ മാത്രമായി നികുതി വിമുക്തമാക്കുക എന്നത് നിയമവിരുദ്ധമാണ്.

LIBRARY ARCHIVES Kerala Legislative Assembly